പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2532      21/06/2012 ൽ മറുപടിയ്ക്ക്

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ജോസഫ് വാഴക്കൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br>ബി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; | (എ) യും (ബി) യും<br>അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സർക്കാർ സ്കൂളുകൾക്ക് എസ്സ്.എസ്സ്.എ, ആർ.എം.എസ്.എ, ശുചിത്വമിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും എയ്ഡഡ് സ്കൂളുകളിലെ അതാത് സ്കൂൾ മാനേജർമാർക്ക് വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരവും നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായി കുറവ് പരിഹരിക്കാതിരുന്ന ഏതാനും എയ്ഡഡ് സ്കൂൾ മാനേജർമാരെ, മാനേജർ പദവി വഹിക്കുന്നതിൽ നിന്നും വിലക്കിയിരുന്നു. സ്കൂളുകളുടെ ഭരണപരമായ അധികാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി വർഷംതോറും ആവശ്യമനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പുതിയ കെട്ടിടങ്ങൾ, ചുറ്റുമതിൽ, കഞ്ഞിപ്പുരകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നു. കൂടാതെ, പ്ലാൻ/മെയിന്റിനൻസ്/ തനത് ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ നിർവ്വഹിച്ചു വരുന്നു. ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ., പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചും നബാർഡ്, എസ്.എസ്.എ. |

ഫണ്ടുപയോഗിച്ചും കെട്ടിടങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഫർണീച്ചർ ക്ഷാമമനുഭവിക്കുന്ന സ്കൂളുകൾക്ക് ഫർണീച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി വരുന്നു. ഇതിനു പുറമേ എല്ലാ സർക്കാർ സ്കൂളുകളിലും കുടിവെള്ള/ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | സി) പൊതു വിദ്യാഭ്യാസ വകുപ്പിന് അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്ര സഹായങ്ങളൊന്നും തന്നെ ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ